(സഭ 11.34-ന് പിരിഞ്ഞു)

(ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്ക് ശേഷം 12.30-ന് സഭ വീണ്ടും സമ്മേളിച്ചു.)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനു മുമ്പിലിരുന്ന് അപ്പോഴും മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ചെയർ നേരത്തെ സഭയിൽ പറഞ്ഞതുപോലെ ഇരു ഭാഗത്തുമുള്ള കക്ഷിനേതാക്കൻമാരുമായി പ്രത്യേകം പ്രത്യേകമായി ചർച്ച നടത്തി. പക്ഷേ ഒരു കോമൺ എഗ്രിമെൻറ് ഉണ്ടായിട്ടില്ല. ഒരു തീരുമാനത്തിൽ എത്തിയിട്ടില്ല. അതിൽ ചെയറിനു അങ്ങേയറ്റത്തെ വിഷമമുണ്ട്. എന്തായാലും ഗവൺമെൻറിന്റെ ഫിനാൻഷ്യൽ ബിസിനസ് നടത്തിക്കൊടുക്കുകയെന്നുള്ള ബാദ്ധ്യത തീർച്ചയായിട്ടും ചെയറിനുണ്ട്. അതുകൊണ്ട് അതിലേക്ക് പ്രൊസീഡ് ചെയ്യുകയാണ്. എല്ലാവരും സഹകരിക്കണം.

ശ്രീ. ഇ കെ. നായനാർ : അനഭിമതരെ സംരക്ഷിച്ച മന്ത്രിമാർ രാജിവയ്ക്കണം. അല്ലെങ്കിൽ നേരത്തെ ഞങ്ങൾ ആവശ്യപ്പെട്ടതുപോലെ ഒരു നിയമസഭാകമ്മിറ്റിയെ വച്ച് അന്വേഷണം നടത്തണം. അതാണ് ഞങ്ങളുടെ പോയിൻറ്.

(ബഹളം)

X നിയമനിർമ്മാണകാര്യം

1986-ലെ കേരള ധനവിനിയോഗ (വോട്ടു ഓൺ അക്കൗണ്ട്) ബിൽ

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1986-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1986-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ, 1986 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പു തിരിച്ചുള്ള പരിഗണന.

രണ്ടും മൂന്നും വകുപ്പുകൾ.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം

2/2512/V.

LIBRARY ARCHIVES Kerala Legislative Assembly

സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

മൂന്നാം വായന

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1986-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവസാനമായി പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

1985-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവസാനമായി പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ അവസാനമായി പാസ്സാക്കി.

മി. സ്പീക്കർ : അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾ പിന്നീട് ചർച്ച ചെയ്യുന്നതാണ്. അതെല്ലാം അതേപടി നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങളുടെ താൽപ്പര്യം മാനിച്ചുകൊണ്ട് അതെല്ലാം അടുത്ത സമ്മേളനത്തിൽ ചർച്ച ചെയ്യാവുന്നതാണ്.

സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞിരിക്കുന്നു

(സഭ ഉച്ചയ്ക്ക് 12.34-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 5922/Table. 1/86/Leg. *Dated, Trivandrum, 31st March, 1986.*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby proroques the Eleventh Session of the Seventh Kerala Legislative Assembly with effect from March 31, 1986.

ഇൻഡ്യൻ ഭരണഘടന 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ ഏഴാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 1986 മാർച്ച് 31-ാം തീയതി മുതൽ സമർപ്പിച്ചിരിക്കുന്നു.

By order of the Governor,
K.P. PADMANABHAN,
Secretary,
Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly